Eco system Management IUCN, ഡോ. ധ്രുബജ്യോതി ഘോഷ് ചെയർമാനായി ഒരു നാഷണൽ എക്സ്പേർട്ട് കമ്മിറ്റി രൂപീകരിക്കുകയും വിവിധ വന്യജീവി നിയമങ്ങളെ സംബന്ധിച്ചും ജലനിരപ്പ് ഉയർത്തുന്ന പക്ഷം ഉണ്ടാകുന്ന പ്രത്യാഘാതങ്ങളെ കുറിച്ചും പ്രതിപാദിച്ചുകൊണ്ട് "An Assessment of the Ecological Impact of water level increases at Mullaperiyar Dam" എന്ന കമ്മിറ്റി റിപ്പോർട്ട് ബഹു. സുപ്രീം കോടതിയിൽ സമർപ്പിക്കുകയും ചെയ്തു. എന്നാൽ കേസ് പരിഗണിച്ച കോടതി കേരളത്തിന്റെ ഈ വാദങ്ങൾക്ക് യാതൊരുവിധത്തിലുള്ള പ്രാധാന്യവും നൽകിയില്ല. ജലനിരപ്പ് ഉയരുന്നത് വനം വന്യജീവികൾക്ക് കൂടുതൽ അനുകൂലമായിരിക്കും എന്നാണ് കോടതി നിരീക്ഷിച്ചത്.

**മുല്ലപ്പെരിയാർ - ജലനിരപ്പ് വർദ്ധനവ് മൂലമുള്ള ആവാസ- പാരിസ്ഥിതിക പ്രശ്നങ്ങൾ**

307 (309) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലത്തിന്റെ ഉയരം 136 അടിയിൽ നിന്നും 142 അടിയായി ഉയർത്തിയതിനുശേഷം എത്ര ഏക്കർ വനം വെള്ളത്തിൽ മുങ്ങി നശിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) ഇതുമൂലം അവിടുത്തെ വന്യജീവി സങ്കേതത്തിലെ ആവാസ വ്യവസ്ഥയ്ക്ക് എന്തെല്ലാം ആഘാതങ്ങളാണ് സംഭവിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ ;

(സി) ഈ സ്ഥലത്ത് ജലനിരപ്പ് വർദ്ധിച്ചതിന്റെ ഭാഗമായി എത്ര ആദിവാസി കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കേണ്ടി വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) വനം - വന്യജീവി സംരക്ഷണവും ആദിവാസികളുടെ ആവാസ സുരക്ഷയും സംസ്ഥാനത്തിന് അകത്തും പുറത്തും സുപ്രീംകോടതി പ്രത്യേക സംരക്ഷണം നൽകി നടപ്പിലാക്കിയ സാഹചര്യത്തിൽ , സാർവ്വദേശീയ നിയമം എന്ന നിലയ്ക്ക് ആദിവാസി ഊരുകളുടെ സംരക്ഷണം, വനം-വന്യജീവി സംരക്ഷണം എന്നീ കാര്യങ്ങളിൽ മുല്ലപ്പെരിയാർ വിഷയത്തിൽ മാത്രം സംസ്ഥാന ഗവൺമെന്റിന് കോടതിയിൽ ഫലപ്രദമായി ഇടപെടാൻ സാധിക്കാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ) മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലത്തിന്റെ ഉയരം 142 അടിയായി ഉയർത്തിയതിന്റെ ഫലമായി 568 ഹെക്ടർ (1402.96 ഏക്കർ) അധിക വനഭൂമി വെള്ളത്തിൽ മുങ്ങിയതായി കണക്കാക്കിയിട്ടുണ്ട്.

(ബി) ജലനിരപ്പ് പൂർവ്വസ്ഥിതിയിൽ ആയതിനുശേഷം മാത്രമേ പെരിയാർ വന്യജീവി സങ്കേതത്തിലെ ആവാസ വ്യവസ്ഥയ്ക്ക് നേരിട്ട ആഘാതങ്ങളും നാശ നഷ്ടങ്ങളും പൂർണ്ണമായി തിട്ടപ്പെടുത്താൻ സാധിക്കുകയുള്ളു എന്നിരുന്നാലും നിലവിലുള്ള സാഹചര്യത്തിൽ തിട്ടപ്പെടുത്തിയ ആഘാതങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ആദിവാസി ഗോത്ര വിഭാഗത്തിലുള്ള കുടുംബങ്ങളെ മാറ്റി പാർപ്പിക്കേണ്ടി വന്നിട്ടില്ല.

(ഡി) തമിഴ്നാട് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ O.S. No. 3/2006 കേസ് ഫയൽ ചെയ്തപ്പോൾ വനം വന്യജീവി ആദിവാസി സംരക്ഷണം സംബന്ധിച്ച കേരളത്തിന്റെ വാദങ്ങൾക്ക് മൂർച്ചകൂട്ടുന്നതിനായി Regional Vice Chairman (South Asia) Commission on Eco system Management IUCN, ഡോ. ധ്രുബജ്യോതി ഘോഷ് ചെയർമാനായി ഒരു നാഷണൽ എക്സ്പേർട്ട് കമ്മിറ്റി രൂപീകരിക്കുകയും വിവിധ വന്യജീവി നിയമങ്ങളെ സംബന്ധിച്ചും ജലനിരപ്പ് ഉയർത്തുന്നപക്ഷം ഉണ്ടാകുന്ന പ്രത്യാഘാതങ്ങളെ കുറിച്ചും പ്രതിപാദിച്ചുകൊണ്ട് "An Assessment of the Ecological Impact of water level increases at Mullaperiyar Dam" എന്ന കമ്മിറ്റി റിപ്പോർട്ട് ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്യുകയും ചെയ്തു. എന്നാൽ കേസ് പരിഗണിച്ച കോടതി കേരളത്തിന്റെ ഈ വാദങ്ങൾക്ക് യാതൊരുവിധത്തിലുള്ള പ്രാധാന്യവും നൽകിയില്ല ജലനിരപ്പ് ഉയരുന്നത് വനം വന്യജീവികൾക്ക് കൂടുതൽ അനുകൂലമായിരിക്കും എന്നാണ് കോടതി നിരീക്ഷിച്ചത്.

## മൾട്ടി സ്പോർട്സ് പ്ലേ സ്പേസ്

308 (310) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ "എലത്തൂർ മിനി സ്റ്റേഡിയ"ത്തിലേയ്ക്കായി 8-11-2012-ലെ സർക്കാർ ഉത്തരവ് (ആർ.ടി.) നമ്പർ 253/12/S&YA പ്രകാരം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.